**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1612** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക രംഗത്തുണ്ടായ നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ വ്യാപകമായ മഴയിലും കാറ്റിലും കാർഷിക രംഗത്തുണ്ടായ നാശനഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | **ഉണ്ട്. കഴിഞ്ഞ മാസങ്ങളിലുണ്ടായ കൃഷിനാശത്തിന്റെ (എയിംസ് പോർട്ടലിലെ) 01/04/2022 മുതൽ 22/08/2022 വരെയുള്ള പ്രാഥമിക വിവര കണക്ക് പ്രകാരം 300798 കർഷകരുടെ 77804.76 ഹെക്ടർ സ്ഥലത്ത് 1022794.11 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം നൽകിവരുന്നു.<br><br>നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തിര പരിപാടി ഇനത്തിൽ 500 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ 3000.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട് അതിൽ യഥാക്രമം 204.692 ലക്ഷം രൂപയും 2997.35989 ലക്ഷം രൂപയും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആവശ്യത്തിനായി കേന്ദ്ര സഹായം തേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിള നാശത്തിന് കേന്ദ്ര സർക്കാരിന്റെ വിഹിതം ഉൾപ്പെടുന്ന സംസ്ഥാന ദുരന്ത |

| | | | |
|---|---|---|---|
| | | | പ്രതികരണ നിധിയിൽ നിന്നുമുള്ള നഷ്ടപരിഹാരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ